018411

കേരള സർക്കാർ

സംഗ്രഹം

വനിതാ-ശിശുവികസനവകുപ്പ്- അംഗൻവാടി വർക്കർ/ഹെൽപ്പർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി- പട്ടിക വിഭാഗക്കാർക്ക് വയസിളവ് അനുവദിച്ചുകൊണ്ടുള്ള ഭേദഗതി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 437/2018/സാനീവ തീയതി, തിരുവനന്തപുരം, 20/07/2018

---

പരാമർശം : 1. സ.ഉ(എം. എസ്)നം. 58/2008/സാക്ഷേവ, തീയതി. 22/10/2008
2. സ.ഉ (എം. എസ്)നം. 33/2012/സാക്ഷേവ, തീയതി. 31/05/2012
3. വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടറുടെ 31/03/2018 ലെ ICDS.B4-4979/18 നമ്പർ കത്ത്

B4

**ഉത്തരവ്**

അംഗൻവാടി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 44 വയസ്സായി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് 3 വർഷത്തെ വയസിളവ് അനുവദിച്ചിരുന്നു. അതോടൊപ്പം മുൻപരിചയം ഉള്ളവർക്ക് അവർ സേവനം അനുഷ്ഠിച്ച കാലയളവ് (പരമാവധി 3 വർഷം) ഇളവ് അനുവദിക്കുന്നതിനും നിർദേശിച്ചിരുന്നു. അംഗൻവാടി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 44 ൽ നിന്നും 46 വയസ്സായി നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായപ്പോൾ 22/10/2008 ലെ സർക്കാർ ഉത്തരവ് പരാമർശിക്കുകയോ വയസിളവ് സംബന്ധിച്ച വിവരം ഉൾപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ലെന്നും ടി സാഹചര്യത്തിൽ 22/10/2008 ലെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പട്ടികജാതി-പട്ടികവർഗക്കാർക്കുള്ള അംഗൻവാടി വർക്കർ/ഹെൽപ്പർ നിയമനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രായപരിധിയിൽ 3 വർഷത്തെ ഇളവും താൽക്കാലിക സേവനമനുഷ്ഠിച്ചവർക്കും അവർ സേവനമനുഷ്ഠിച്ച കാലയളവ് (പരമാവധി 3 വർഷം) ഇളവ്

അനുവദിച്ചും പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ നിശ്ചയിച്ച പ്രായപരിധിയിൽ പട്ടിക ജാതി/പട്ടിക വർഗക്കാർക്ക് 3 വർഷത്തെ ഇളവും താൽക്കാലിക സേവനം അനുഷ്ഠിച്ചവർക്ക് അവർ സേവനം അനുഷ്ഠിച്ച കാലയളവ് (പരമാവധി 3 വർഷം) ഇളവ് അനുവദിച്ചും ടി ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

3. മേൽ ഭേദഗതിയോടെ പരാമർശം (2) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം: ICDS B4-4973/18 തീയതി 6/8/18

സർക്കാർ ഉത്തരവിന്റെ പകർപ്പ്

അറിവിലേക്കും അനന്തരനടപടികൾക്കുമായി എല്ലാ CDPOമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും അയയ്ക്കുന്നു.